CESP...
Cn.25.1.(6)\22...



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 937(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 10055/SIC-G4/2022)
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
**തീയതി : 2022 ഒക്ടോബർ 20**

Sri. M.L. Augusthy,
Secretary, Janashakti,
Kerala State Committee, Mamplal House,
Vellayamkudy P.O., Idukki - 685 515
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി തഹസിൽദാർ,
അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസ്,
കുമളി.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസർ,
അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസ്,
സ്പ്രിംഗ് വാലി പി.ഒ., കുമളി.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/05/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 25/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 11/08/2022 |
| ഹിയറിംഗ് നടന്ന തീയതി | 19/10/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

ശ്രീ. എം.എൽ. അഗസ്തി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി ചട്ടലംഘനവും വസ്തുതാവിരുദ്ധവുമായതിനാലാണ് അപ്പീൽ അപേക്ഷ സമർപ്പിച്ചതെന്നും ആയതിന് ലഭിച്ച മറുപടി ചട്ടലംഘനമാണെന്നുമാണ്.

ആയതിനാൽ ചട്ടലംഘനം നടത്തിയ പി.ഐ.ഒ.യുടെ പേരിൽ വിവരാവകാശ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. കട്ടപ്പന, കാഞ്ചിയാർ വില്ലേജുകളിലെ കുത്തകപ്പാട്ട ഭൂമി സംബന്ധിച്ച രജിസ്റ്ററിന്റെ പകർപ്പ് നൽകണമെന്നും

ii. ഒരു വ്യക്തിക്കു സർക്കാരിൽ നിന്ന് ലഭിച്ച കുത്തകപ്പാട്ട ഭൂമി മറ്റൊരാൾക്കു കൈമാറാൻ/വിൽക്കാൻ നിയമം അനുശാസിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച രേഖയുടെ പകർപ്പ് നൽകണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 09.05.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, 1-ാം ഇനമായി ആവശ്യപ്പെട്ട കട്ടപ്പന, കാഞ്ചിയാർ വില്ലേജുകളിലെ കുത്തകപ്പാട്ട ഭൂമി സംബന്ധമായ രജിസ്റ്റർ ടി ഓഫീസിൽ ലഭ്യമല്ലെന്നും കട്ടപ്പന, കാഞ്ചിയാർ വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭ്യമാക്കാവുന്നതാണെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 23.5.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 30.5.2022 തീയതി രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, ശ്രീ.എം.എൽ.അഗസ്തിയുടെ 11.4.2022-ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിലെ 1-ാം ചോദ്യം പരിഗണിച്ച് ടി കാര്യാലയത്തിലെ കട്ടപ്പന, കാഞ്ചിയാർ വില്ലേജുകളുടെ മാത്യ വില്ലേജുകളുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടുള്ള കുത്തകപ്പാട്ട രജിസ്റ്റർ സൂക്ഷിച്ചു വരുന്നുണ്ടെന്നു കാണിച്ചും ആയതിന്റെ പേജുകൾ മാത്രമേ ആവശ്യമുള്ളുവെങ്കിൽ ആയത് നൽകുന്നതിന് ഓഫീസ് സമയത്തു ടി രജിസ്റ്ററുകൾ പരിശോധിക്കുന്നതിന് സൗകര്യം ചെയ്തു കൊടുത്തുകൊണ്ട് പി.ഐ.ഒ. കത്തു നൽകാനും, 2-ാം ചോദ്യത്തിന് ബന്ധപ്പെട്ട റൂൾസിന്റെ പ്രസക്തഭാഗങ്ങളടങ്ങിയ പേജിന്റെ പകർപ്പും 5.6.2022-നകം ഹർജിക്കാരന് നൽകുന്നതിനും പി.ഐ.ഒ.യോട് നിർദ്ദേശിച്ചുകൊണ്ടും അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. എതിർകക്ഷികൾ കമ്മീഷൻ മുമ്പാകെ 02.08.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.എം.എൽ. അഗസ്തി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ 12.4.2022-ൽ ടി ഓഫീസിൽ ലഭിച്ചിട്ടുള്ളതാണെന്നും ആയതിൽ 1-ാമത്തെ ചോദ്യത്തിന് കട്ടപ്പന, കാഞ്ചിയാർ വില്ലേജുകളിലെ കുത്തകപ്പാട്ട ഭൂമി സംബന്ധമായ രജിസ്റ്റർ ടി ഓഫീസിൽ ലഭ്യമല്ലെന്നും കട്ടപ്പന, കാഞ്ചിയാർ വില്ലേജ്

ആഫീസുകളിൽ ലഭ്യമാണെന്നും 2-ാമത്തെ ചോദ്യത്തിനുള്ള മറുപടിയും ഉൾപ്പെടുത്തി 9.5.2022-ൽ നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി വില്ലേജുകൾ ടി ആഫീസ് സ്ഥാപിതമായി വർഷങ്ങൾക്ക് ശേഷം യഥാക്രമം പാമ്പാടുംപാറ, അയ്യപ്പൻകോവിൽ വില്ലേജുകൾ ബൈഫർകേറ്റ് ചെയ്ത് രൂപീകൃതമായതിനാൽ ഈ വില്ലേജുകളുടെ കുത്തകപ്പാട്ട രജിസ്റ്റർ പ്രത്യേകം തയ്യാറാക്കി ടി ആഫീസിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് ടി വില്ലേജുകളിലെ കുത്തകപ്പാട്ട ഭൂമി സംബന്ധിച്ച രജിസ്റ്റർ ലഭ്യമല്ലാത്തതും മാതൃവില്ലേജിന്റെ രജിസ്റ്ററിലും ഈ വില്ലേജുകളിൽ വരുന്ന കുത്തകപ്പാട്ടഭൂമി സംബന്ധിച്ച വിവരം പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ഒന്നിൽ കൂടുതൽ ആഫീസുകളിലെ രേഖകൾ ആവശ്യപ്പെട്ട സാഹചര്യത്തിലും പ്രസ്തുത വിവരം കിട്ടുന്ന കട്ടപ്പന, കാഞ്ചിയാർ വില്ലേജ് ആഫീസുകളിൽ നിന്ന് ലഭ്യമാവുന്നതാണെന്ന് അറിയിച്ചതെന്നുമാണ്. ടി മറുപടി ലഭിച്ചതിന് ശേഷം 23.5.2022-ൽ അപ്പീൽ നൽകുകയും അപ്പീൽ അധികാരിയായ അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസർ അപേക്ഷകന് ടി ഓഫീസിൽ നേരിട്ട് ഹാജരായി മാതൃവില്ലേജിന്റെ രജിസ്റ്റർ പരിശോധിച്ച് ആവശ്യമായ രേഖകളുടെ പേജുകൾക്ക് നിശ്ചിത ഫീസ് അടയ്ക്കുന്നപക്ഷം നൽകാവുന്നതാണെന്നും 2-ാം ചോദ്യത്തിന് കാർഡമം ലീസ് റൂൾ 1961-ന്റെ റൂൾ 14-ന്റെ പകർപ്പ് നൽകുവാനും 30.5.2022-ന് ഉത്തരവ് ഇടുകയും ആയതുപ്രകാരം എസ്.പി.ഐ.ഒ. 2.6.2022-ന് അപേക്ഷകന് മറുപടി നൽകുകയും, വീണ്ടും അപ്പീൽ അധികാരിക്ക് 15.6.2022-ൽ പരാതി നൽകുകയും, ആയതിന്മേൽ അപ്പീൽ അധികാരി മാതൃവില്ലേജിന്റെ രജിസ്റ്ററിന്റെ പകർപ്പുകൾ നൽകാമെന്നും, ആയതിനുള്ള ഫീസിന്റെ തുക ഗവൺമെന്റ് ട്രഷറിയിൽ ഒടുക്കി ചലാൻ ഹാജരാക്കുവാൻ 6.7.2022-ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതുമാണ്. മേൽ നിർദ്ദേശ പ്രകാരം ഫീസൊടുക്കി ടി ആഫീസിൽ ഹാജരായി രേഖകൾ ആവശ്യപ്പെട്ടിട്ടില്ലാത്തതും, പ്രസ്തുത രേഖകൾ യഥാവിധി സൂക്ഷിക്കുന്ന കട്ടപ്പന, കാഞ്ചിയാർ വില്ലേജുകളിലെ രജിസ്റ്ററിന്റെ പകർപ്പിൽ നിന്നും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാകുമെന്ന് കൃത്യമായി ഹർജിക്കാരന്റെ ആദ്യ അപേക്ഷയിൽ മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും ടിയാൻ വീണ്ടും വീണ്ടും അപ്പീൽ നൽകിക്കൊണ്ടിരിക്കുകയാണെന്നും ടിയാന്റെ അപേക്ഷയിന്മേൽ കൃത്യമായ മറുപടി യഥാസമയം നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും എതിർകക്ഷിയെ നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഉണ്ടാകാവുന്ന കട്ടപ്പന, കാഞ്ചിയാർ വില്ലേജ് ഓഫീസുകൾ അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസിന്റെ പരിധിയിലുള്ള കീഴ് ഓഫീസുകൾ ആയിരുന്നിട്ടും പരാതിക്കാരന്റെ അപേക്ഷയിലെ വിവരങ്ങൾ

അപേക്ഷകന് നേരിട്ടു നൽകുന്നതിനായി വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം പ്രസ്തുത ഓഫീസുകളിലെ എസ്.പി.ഐ.ഒ.ക്ക് അപേക്ഷ ലഭിച്ച് 5 ദിവസത്തിനകം നൽകേണ്ടതാണെന്ന വ്യവസ്ഥ ഒന്നാം എതിർകക്ഷി പാലിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകളുടെ പകർപ്പ് ടിയാന് ലഭ്യമാക്കുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം കട്ടപ്പന, കാഞ്ചിയാർ എന്നീ വില്ലേജ് ഓഫീസുകളിലെ എസ്.പി.ഐ.ഒ.മാർക്ക് അടിയന്തിരമായി അയച്ചു നൽകേണ്ടതും ഇക്കാര്യം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. കൂടാതെ അപേക്ഷകന് ഫീസടച്ച് രേഖകൾ കൈപ്പറ്റുന്നതിന് നിർദ്ദേശം നൽകേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതാണ്. അതോടൊപ്പം വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അയയ്ക്കുന്ന കത്തിന്റെ പകർപ്പ് കമ്മീഷനിൽ ലഭ്യമാക്കണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 20–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM